# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## അഭയാർത്ഥികളോടു കാരുണ്യം കാണിക്കണമെന്ന് യു എസ് കോൺഗ്രസിൽ മാർപാപ്പ



വാഷിങ്ങ്ടൺ: സിറിയയിൽനിന്നും ഇറാഖിൽനിന്നും എത്തുന്ന അഭയാർത്ഥികളോടു കാരുണ്യം കാണിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. യു.എസ്. കോൺഗ്രസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകം ഇന്ന് അഭയാർത്ഥികളുടെ കാര്യത്തിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. അവരുടെ എണ്ണം നോക്കാതെ ഇരുകൈയ്യും നീട്ടി സ്വീകരിക്കണം. പോയകാലത്തിന്റെ പാപങ്ങളും തെറ്റുകളും ആവർത്തിക്കരുതെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു. ആദ്യമായാണ് ഒരു മാർപാപ്പ യു.എസ്. കോൺഗ്രസ്സിനെ അഭിസംബോധന ചെയ്യുന്നത്.

കുടിയേറ്റക്കാരുടെ സന്തതിയെന്ന സ്വയം വിശേഷിപ്പിച്ചുകൊണ്ടായിരുന്നു മാർപാപ്പ കുടിയേറ്റപ്രശ്നത്തെക്കുറിച്ച് സംസാരിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇറ്റലിയിൽ നിന്ന് അർജന്റീനയിൽ കുടിയേറിപ്പാർത്തവരായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ മാതാപിതാക്കൾ. യു.എസിനും ഈ കോൺഗ്രസിനും അഭയാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രധാനസ്ഥാനം വഹിക്കാനാകുമെന്നും മാർപാപ്പ പ്രത്യാശ പങ്കുവച്ചു. അഭയാർത്ഥികളോടു മാനുഷികപരിഗണനയും സാഹോദര്യവും നീതിയും പുലർത്തണം. ശത്രുതാമനോഭാവം മാറ്റണം. അഭയാർത്ഥികളെയും വ്യക്തികളായി കാണണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.